# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 32** | **June 2017** | **No.4**

# എഡിറ്റോറിയൽ

സമൂഹത്തിൽ ഇന്ന് ബന്ധങ്ങൾക്കും അതിന്റെ മൂല്യങ്ങൾക്കും വില കൽപ്പിക്കാതെ ആണ് ആളുകൾ ജീവിക്കുന്നത്. കുടുംബന്ധങ്ങൾ ഛിദ്രമായിക്കൊണ്ടാണിരിക്കുന്നത്. ഇതിന്റെയെല്ലാം കാരണവും പ്രതിവിധിയും നാം മനസിലാക്കണം. കൂട്ടുകുടംബങ്ങളായി ജീവിച്ചിരുന്നപ്പോൾ അന്യോന്യമുള്ള ബന്ധം ദൃഢമായിരുന്നു. സ്നെഹത്തിനും ധാർമ്മികതക്കും അറിവ് പകർന്നുകൊടുത്തിരുന്ന കാലത്ത് അനീതിയും അക്രമവും കുറഞ്ഞിരുന്നു. ദ്രവ്യാഗ്രഹവും സ്വാർത്ഥതയും മനുഷ്യമനസിനെ അനധമാക്കിയിരിക്കുകയാണ്. നിങ്ങളും ഞാനും ഏതിന് മുൻഗണന നൽകുന്നുവോ അതിനായിരിക്കും സമയം കൂടുതൽ ചെലവഴിക്കുക. ഭാര്യയും ഭർത്താവും ഏതാനും മാസം ഒരുമിച്ചു ജീവിച്ചുകഴിയുമ്പോൾ, ആർക്കാണോ ജോലി ലഭിക്കുവാൻ സാധ്യത എന്നു പരിശോധിക്കുകയും അത് വിദേശത്തായാലും കുടുംബത്തിൽനിന്ന് അകന്നു പോയി ജോലി ചെയ്യുവാനും ഇന്ന് ഒരു മടിയുമില്ല, അവർക്ക് ശിശുക്കൾ ജനിക്കുമ്പോൾ അവരെ സംരക്ഷിക്കുവാൻ മറ്റുള്ളവരെ ഏൽപിക്കും. ആ കുഞ്ഞുങ്ങൾ സ്നേഹം ലഭിക്കാതെ വളരും. അപ്പന്റേയും അമ്മയുടേയും സ്നേഹമോ ലാളനയോ അവർക്ക് ലഭിക്കാതെ പോകുന്നു. കുഞ്ഞുങ്ങൾക്ക് സമീകൃതാഹാരം മാത്രം പോരാ.

ശിശുക്കൾക്ക് അപ്പന്റേയും അമ്മയുടെയും സാമീപ്യവും സ്നേഹവും വാൽസല്ല്യവും ആവശ്യമാണ്. അത് നിഷ്ക്കരുണം തള്ളിക്കളയുന്നവർ ഓർക്കണം അവർ വളർന്നു വലുതാകുമ്പോൾ, പ്രായമാകും. അവരുടെ സ്ഥാനം പിന്നീട് വൃദ്ധസദനത്തിലായിരിക്കും. അവർക്ക് കൊടുക്കുവാൻ കഴിയാത്തത് എങ്ങനെ തിരിച്ച് ലഭിക്കും.

നാം എന്തു നൽകുന്നുവോ അതാണ് തിരിച്ച് നമുക്ക് ലഭിക്കുന്നത്. അതാണ് ദൈവികനിയമം. അതിന് മാറ്റം സംഭവിക്കുകയില്ല. പണം കൊടുത്താൽ ലഭിക്കുന്നതല്ല ദൈവിക ഗുണങ്ങൾ, കരുണയും ദയയും സ്നേഹവും എല്ലാം ദൈവത്തിൽനിന്നും യേശുക്രിസ്തുവിൽനിന്നും നമുക്ക് ലഭിക്കുന്നു. സൗജന്യമായിട്ടാണ് അവൻ അവ നമുക്ക് നൽകുന്നത്. അത് നാം അടുത്ത തലമുറയിലേക്ക് കൈമാറണം. പണത്തേക്കാളും സമ്പത്തിനേക്കാളും വിലമതിക്കുന്നതാണ് ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധം. ആത്മാവായ ദൈവരൂപത്തിലും സാദൃശത്തിലുമാണ് നമ്മെ സൃഷ്ടിച്ചത്. ആകയാൽ നമുക്ക് ദൈവത്തോടുള്ള ബന്ധം ഏറ്റവും ഊഷ്മളമാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ബന്ധമാണ് സഹജീവികളോട് ഓരോരുത്തർക്കും ഉണ്ടായിരിക്കേണ്ടത്.

ദൈവിക ബന്ധത്തിൽനിന്നു മനുഷ്യരെ ദൈവം അകറ്റുന്നത് അവന്റെ കൽപനകളെ ലംഘിക്കുമ്പോഴാണ്. പരിശുദ്ധനായ ദൈവസന്നിധിയിൽ അശുദ്ധിക്ക് സ്ഥാനമില്ല. നാം പാപം ചെയ്യുമ്പോൾ അശുദ്ധരാകയും ദൈവത്തിന് നമ്മോടു അടുക്കുവാൻ കഴിയാതെ വരികയും ചെയ്യുന്നു. നീതിക്കും അനീതിക്കും തമ്മിൽ ബന്ധമില്ല, അവിശ്വാസത്തിനും വിശ്വാസത്തിനും തമ്മിൽ ബന്ധമില്ല. അവയെല്ലാം പരസ്പര വിരുദ്ധമാണ്. ക്രമവിരുദ്ധമായ ജീവിതം നയിക്കുന്നവർ ശ്രദ്ധിച്ചില്ലെങ്കിൽ അവർ തള്ളപ്പെടും. അതായത് തെറ്റുകൾ തിരുത്തിയില്ലെങ്കിൽ നാശമാണ് ഫലം. അതുകൊണ്ടാണ് കർത്താവ്, പറഞ്ഞു. മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങളെല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും എന്നു പറഞ്ഞത്. എപ്പോഴും മനുഷ്യരോടൊത്ത് ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനാണഅ സ്വർഗത്തിൽ പ്രവേശിക്കുന്നത് എന്ന കാര്യം യേശുക്രിസ്തു മനുഷ്യരെ പഠിപ്പിക്കുന്നത്.

ദൈവം ആത്മാവാണ്, ആ ദൈവത്തെ ആണ് എല്ലാവരും അറിയേണ്ടതും അനുസരിക്കേണ്ടതും. അപ്പോൾ മാത്രമാണ് ദൈവം നമ്മിൽ പ്രവർത്തിക്കുന്നത്. ദൈവത്തിന്റെ ദൂത് വെളിപ്പെടുത്തിയിരിക്കുന്നത് മനുഷ്യരുടെ ജീവിതം അനുഗ്രഹപ്രദമാക്കുവാനാണ്. നമ്മുടെ വഴി നേരെയാക്കുവാൻ നമുക്ക് സാധ്യമല്ല, കാരണം നമ്മുടെ അറിവ് പരിമിതമാണ്. ദൈവത്തിന്റെ പരിജ്ഞാനം ഉയർന്ന നിലവാരത്തിലുള്ളതാണ്. നാം അത് വിശ്വസിച്ച് അനുസരിച്ച് ജീവിച്ചാൽ ആത്മാവിന്റെ രക്ഷയും സമൃദ്ധമായ അനുഗ്രഹങ്ങളും നമുക്ക് ലഭിക്കും. അതു എന്നേക്കും നിലനിൽക്കുന്നതാണ് എന്നറിയുക.

✶

# ദൈവവും ക്രിസ്തുവും

## J.C. ചോട്ട്

ആദ്യം, എന്താണ് യേശുവിന് ദൈവവുമായുള്ള ബന്ധം? യേശു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണോ? അവൻ എങ്ങനെ ദൈവപുത്രനായി? ആരംഭിക്കുവാൻ, തിരുവചനം പറയുന്നത് അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു എന്നാണ്. കൂടാതെ അവൻ സൃഷ്ടിത്വത്തിൽ പങ്കാളിയും ആയിരുന്നു. നാം വായിക്കുന്നു, “ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു” (ഉൽപ്പത്തി 1:1). എബ്രായ വാക്കായ ദൈവം എന്നതിൽ പിതാവായ ദൈവവും, പുത്രനായ ദൈവവും, പരിശുദ്ധാത്മാവായ ദൈവവും ഉൾപ്പെട്ടിരിക്കുന്നു. ഈ മൂന്നു പേരെയും മത്തായി 28:19, 20 ലും എഫെസ്യ 4:46 ലും മറ്റു വേദഭാഗങ്ങളിലും അറിയപ്പെടുന്നു (പ്രവൃത്തികൾ 17:29; റോമർ 1:20; കൊലൊസ്യർ 2:9). അതിനർത്ഥം മൂന്നു പ്രത്യേക ദൈവങ്ങൾ എന്നാണോ? ഒരിക്കലുമല്ല. ദൈവികത്വത്തിൽ മൂന്നു വ്യക്തികളുണ്ടെങ്കിലും, അവർ മൂന്നും ഒന്നത്രെ.

നാം സൃഷ്ടിത്വത്തിലേക്ക് വരുമ്പോൾ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട്, ദൈവം പറഞ്ഞു. “.... നമുക്ക് നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്ക....” (ഉല്പത്തി 1:25). ദയവായി ദൈവം പറഞ്ഞതു ശ്രദ്ധിക്കുക “നമുക്ക്” അവിടെ ദൈവത്തോടു കൂടെ ആരെല്ലാം ുണ്ടായിരുന്നു? മുൻപ് പറഞ്ഞതുപോലെ, ക്രിസ്തുവും, പരിശുദ്ധാത്മാവും. ക്രിസ്തുവിനെക്കുറിച്ച് നാം വായിക്കുന്നു, “ആദിയിൽ വചനം ഉണ്ടായിരുന്നു? മുൻപ് പറഞ്ഞതുപോലെ, ക്രിസ്തുവും, പരിശുദ്ധാത്മാവും. ക്രിസ്തുവിനെക്കുറിച്ച് നാം വായിക്കുന്നു, “ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു, അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി അവനാലും അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വതിതനും മുമ്പെയുള്ളവൻ, അവൻ

സകലത്തിനും ആധാരമായിക്കുന്നു." (കൊലൊസ്യർ 1:15-17). ഈ സത്യം എബ്രായർ 1:1, 2 ലും പറഞ്ഞിട്ടുണ്ട്.

അല്ല, ക്രിസ്തു ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല. അവൻ സൃഷ്ടിക്കപ്പെട്ടതായിരുന്നുവെങ്കിൽ അവൻ സാധാരണ മനുഷ്യരേക്കാൾ വ്യത്യസ്തനാവുമായിരുന്നില്ല. അങ്ങനെ പാപികൾക്കായി പാപരഹിതനായി മരിക്കാൻ സാദ്ധ്യമല്ല. അപ്പോൾ അവനും ഒരു രക്ഷകൻ ആവശ്യമായി വരും. എന്നാൽ അവൻ ഏതുവിധത്തിലാണ് ദൈവത്തിന്റെ മകനായത്? തീർച്ചയായും ദൈവം സ്ത്രീലിംഗത്തിൽപ്പെട്ട ദേവതയുമായി മാനുഷികബന്ധം പുലർത്തി ഉണ്ടായതല്ല ക്രിസ്തു. മറിച്ച്, ക്രിസ്തു ദൈവത്തോടു കൂടെ ആയിരുന്നു. അവൻ ദൈവത്തോടു തുല്യനായിരുന്നു. പരിശുദ്ധാത്മാവിനോടും തുല്യനായിരുന്നു. അതുകൊണ്ട് ദൈവമാണ്. എന്തു സംഭവിച്ചു എന്നത് പൗലൊസ് ഇങ്ങനെ പറയുന്നു: "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി, അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലാകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും" (ഫിലിപ്പിയർ 2:5-11).

ഈ തിരുവചന ഭാഗത്തിൽ നിന്നും മറ്റു വേദഭാഗങ്ങളിൽ നിന്നും ക്രിസ്തു ദൈവത്തോടുകൂടെ ആയിരുന്നു എന്നു വ്യക്തം. എന്നാൽ മനുഷ്യൻ പാപം ചെയ്തപ്പോൾ ഒരു രക്ഷിതാവിന്റെ ആവശ്യം ഉയർന്നു. അങ്ങനെയാണ് ക്രിസ്തു തന്നെത്താൻ താഴ്ത്തി ലോകത്തെ പാപത്തിൽ നിന്ന് മോചിപ്പിക്കുവാൻ സ്ത്രീയുടെ സന്ത

തിയായി ജനിച്ചത്. മനുഷ്യർക്കിടയിൽ വസിക്കുവാൻ സകലത്തിലും പരീക്ഷിക്കപ്പെടുവാനും അവസാനം സർവ്വലോകത്തിന്റെയും പാപത്തിനായി തന്നെത്താൻ യാഗം അർപ്പിക്കുവാനും തയ്യാറായി. യേശുവിന്റെ ജനനസംഭവത്തിൽ മറിയയ്ക്ക്, താൻ പുരുഷനുമായി ബന്ധപ്പെടാത്തിടത്തോളം എങ്ങനെ യേശുവിന് ജന്മം കൊടുക്കാൻ കഴിയുമെന്ന് സംശയമുണ്ടായിരുന്നു. "അതിന്നു ദൂതൻ, പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന പരിശുദ്ധ പ്രജ ദൈവപുത്രനെന്നു വിളിക്കപ്പെടും" (ലൂക്കൊസ് 1:35). അതുകൊണ്ട് അവൻ ജനിച്ചശേഷവും അവനെ ദൈവപുത്രനെന്ന് വിളിച്ചിരിക്കുന്നു.

രണ്ടാമത് മനുഷ്യന്റെ പാപവും പാപത്തിന്റെ അനന്തര ഫലവും സംഭവിച്ചപ്പോൾ ദൈവം പിശാചായ സർപ്പത്തോടു പറഞ്ഞു, "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും" (ഉൽപ്പത്തി 3:15). ക്രിസ്തു ലോകത്തിൽ വരും എന്നതിന്റെ ആദ്യ സൂചനയായി ഇതിനെ ബൈബിൾ പണ്ഡിതന്മാർ സമ്മതിക്കുന്നു. അങ്ങനെ ചെയ്തതുകൊണ്ട് സാത്താന് ക്രിസ്തുവിന്റെ കുതികാൽ തകർക്കുവാൻ കഴിഞ്ഞു. അത് അർത്ഥമാക്കുന്നത് താൽക്കാലികമായി ക്രിസ്തുവിനെ അവനു തടസ്സപ്പെടുത്തുവാൻ കഴിഞ്ഞു എന്നാണ്. എന്നാൽ ക്രിസ്തുവിനു സാത്താന്റെ തല തന്നെ തകർക്കുവാൻ കഴിഞ്ഞു. ക്രിസ്തുവിന്റെ വരവിനെ കുറിച്ച് പ്രവാചകന്മാർ ധാരാളം പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ, അവന്റെ ജനനത്തെ അവർ മുൻകൂട്ടി അറിയിട്ടുണ്ട്. അവൻ എവിടെ ജനിക്കും, അവന്റെ പ്രവൃത്തി എന്തായിരിക്കും, അവന്റെ മരണം, അടക്കവും ഉയിർത്തെഴുന്നേല്പും മറ്റു പല കാര്യങ്ങളും പ്രവചിച്ചിട്ടുണ്ട്. നിങ്ങൾക്ക് ബൈബിൾ ഉണ്ടെങ്കിൽ യെശയ്യാവ് 53 വായിക്കുക.

ക്രിസ്തു എങ്ങനെ കന്യകയിൽ ഭൂജാതനാവുമെന്ന് യെശയ്യാവ് 7:14 പറയുന്നു "അതുകൊണ്ട് കർത്താവ് നിങ്ങൾക്ക് ഒരു അടയാളം തരും, ഇതാ ഒരു കന്യക ഗർഭം ധരിച്ച്, ഒരു മകനെ പ്രസ

വിക്കും അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കപ്പെടുടും." ഇത് നിറവേറുന്നത് മത്തായി 1:20, 21; ലൂക്കൊസ് 1-ാം അദ്ധ്യായവും 2-ാം അദ്ധ്യായവും വായിക്കുമ്പോൾ കാണാം. ബേത്ത്ലഹേം പട്ടണത്തിൽ അത്ഭുതകരമായി ക്രിസ്തു ജീവിച്ചു. അവൻ പരിശുദ്ധാത്മാവിനാൽ മറിയയിൽ കൂടെ ജനിച്ചതുകൊണ്ട് അവന് ഭൗമികമായ പിതാവ് ഇല്ല. ക്രിസ്തു വെറുമൊരു മനുഷ്യനായിരുന്നില്ല എന്നതിന്റെ മറ്റൊരു തെളിവാണിത്. അവൻ ദൈവപുത്രനായിരുന്നു.

മൂന്നാമത്, ക്രിസ്തു എന്തിനാണ് ക്രൂശിൽ മരിച്ചത്? പൗലൊസ് പറയുന്നു നാം എല്ലാവരും പാപികളാണ് (റോമർ 3:23). "....നാം പാപികളായിരിക്കുമ്പോൾ തന്നെ, ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു" (റോമർ 5:8). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യർക്ക് സ്വയമായി പാപത്തിൽ നിന്ന് വിട്ടുനില്ക്കാൻ ആവില്ല. അതുകൊണ്ട് അവന് ഒരു രക്ഷകന്റെ ആവശ്യമുണ്ട്. ക്രിസ്തു പാപമില്ലാത്തവനാകയാൽ (എബ്രായർ 4:15) അവന്റെ രക്തം നമ്മുടെ പാപപരിഹാരത്തിന് മതിയായതായിരുന്നു (1 കൊരിന്ത്യർ 15:3). പൗലൊസ് പറഞ്ഞു "പാപത്തിന്റെ ശമ്പളം മരണമത്രെ, എന്നാൽ ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ ക്രിസ്തു മുഖാന്തരം നിത്യജീവനാകുന്നു" (റോമർ 6:23) പത്രൊസ് എഴുതി, "അവൻ ലോകസ്ഥാപനത്തിനു മുമ്പെ മുന്നറിയിക്കപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്ത് വെളിപ്പെട്ടവനും ആകുന്നു" (1 പത്രൊസ് 1:20).

പത്രൊസ് വീണ്ടും പറഞ്ഞിരിക്കുന്നു, "ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നുവെങ്കിൽ കാര്യം ഭരമേല്പിക്കയത്രെ ചെയ്തത്. നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്കുവേണ്ടി ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി, അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു.

നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെ പോലെ ആയിരുന്നു. ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അധ്യക്ഷനുമായ വങ്കലേക്ക് മടങ്ങിവന്നിരിക്കുന്നു" (1 പത്രൊസ് 2:21-25).

യോഹന്നാൻ പറഞ്ഞിരിക്കുന്നു, "അവൻ വെളിച്ചത്തിലിരിക്കുന്നതു പോലെ, നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് അന്യോന്യം കൂട്ടായ്മ ഉണ്ട്. ക്രിസ്തുവിന്റെ രക്തം നമ്മുടെ സകല പാപങ്ങളെയും പോക്കി ശുദ്ധീകരിക്കയും ചെയ്യുന്നു" (1 യോഹന്നാൻ 1:7).

നാലാമത്, ഏകന്റെ മരണത്താൽ സകല മനുഷ്യരുടെയും രക്ഷക്ക് കാരണമായെന്നോ? കാരണം ക്രിസ്തു സാധാരണ മനുഷ്യനായിരുന്നില്ല, അവൻ ദൈവപുത്രനായിരുന്നു, അവൻ പാപം കൂടാതെ ഉള്ളവനായിരുന്നു. ക്രൂശിൽ മരിക്കുകയും അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും പിതാവിന്റെ വലത്തു ഭാഗത്ത് ആരോഹണം ചെയ്യപ്പെടുകയും ചെയ്തു. അങ്ങനെ സകല മനുഷ്യരുടെയും രക്ഷകനായ കർത്താധികർത്താവും രാജാധിരാജാവും ആയിത്തീർന്നു (1 കൊരിന്ത്യർ 15:1-4; പ്രവൃത്തികൾ 2).

✶

സ്ത്രീകൾക്കു വേണ്ടി

# തെറ്റായ തീരുമാനങ്ങളും നിത്യമായ അനന്തര ഫലങ്ങളും

## ബെറ്റി ബർട്ടൺ ചോട്ട്

ലോകത്തിൽ ചിലയാളുകൾ സന്തോഷിക്കാൻ ഇഷ്ടപ്പെടുമ്പോൾ മറ്റു ചിലർ അതിൽ അസഹിഷ്ണുതരാകുന്നു. ചിലയാളുകൾ ക്ഷമിക്കുന്നതിനേക്കാൾ പകെക്കുന്നത് ഇഷ്ടപ്പെടുന്നു. എങ്ങനെയോ അവർ ചിന്തിക്കുന്നത് ക്ഷമിക്കാൻ പറ്റാതിരിക്കുന്നത് അവരുടെ മുറിവുകൾക്കുള്ള പ്രതികാരമായിട്ടാണ്. ആ ദേഷ്യം ആളുകൾ പലവിധത്തിലാണ് പ്രകടിപ്പിക്കുന്നത്.

ഇനി രണ്ടു ആളുകളെ പരിഗണിക്കാം: ആദ്യം, ഒരു സ്നേഹിതൻ അയാളെ നമ്പർ ഒന്ന് എന്ന് വിചാരിക്കുക. അയാൾ ഏതെങ്കിലും ഒരു കാര്യം തന്റെ സ്നേഹിതനായ രണ്ടാം നമ്പറുകാരന് എതിരായി ചെയ്തു. അവൻ ചെയ്ത കുറ്റം കണക്കിലെടുക്കാതെ അവനോട് ക്ഷമ യാചിച്ചു. എന്നാൽ രണ്ടാം നമ്പറുകാരൻ തന്റെ മുഖത്ത് ക്ഷമിക്കാത്ത പ്രകടനവുമായി കഴിഞ്ഞു.

ഇനി എന്തു സംഭവിക്കും? രണ്ടാം നമ്പറുകാരൻ തന്റെ സൗഹൃദബന്ധം പുനഃസ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അവന്റെ പരിശ്രമം സാധാരണ രീതിയിൽ ചിരിച്ച് സംസാരിക്കാൻ നോക്കിയതായിരുന്നു പക്ഷേ ഫലിച്ചില്ല. അങ്ങനെ നാളുകൾ കഴിഞ്ഞു അവൻ തന്റെ ജീവിതം മുമ്പോട്ടു നയിച്ചു തന്റെ ബന്ധങ്ങളും ക്രമേണ രണ്ടാം നമ്പറുകാരനെ മറക്കുന്നതായിരുന്നു. കോപാഗ്നി ജ്വലിക്കുന്നതു കാണാമായിരുന്നു. അവനിലെ കയ്പ് അപ്പോഴും മായാതെ കിടക്കുന്നു. കാര്യങ്ങൾ ശരിയാകാത്തതിൽ അവന് ദുഃഖമുണ്ട്. ഭൂതകാലത്തിലെ പ്രശ്നങ്ങൾ - രണ്ടാം നമ്പറുകാരനെയും - മറന്നു.

എന്നാൽ രണ്ടാം നമ്പറുകാരനോ? അവന്റെ ദേഷ്യം, കയ്പ് ഉള്ളിൽ നിറച്ചു ഹൃദയത്തെ കഠിനപ്പെടുത്തി തന്റെ സ്വഭാവത്തിന്റെ ഒരു ഭാഗമാക്കി മാറ്റി. അവൻ ഉണരുന്നതു മുതൽ കിടക്കയിലേക്കു പോയി ഉറങ്ങുന്നതു വരെ അത് അവന്റെ ഉള്ളിൽ തികട്ടിക്കൊണ്ടിരുന്നു. എപ്പോഴെല്ലാം അവന്റെ സ്നേഹിതനായ ഒന്നാം നമ്പറുകാരന്റെ ചിന്ത മനസിലേക്കു വരുന്നുവോ അപ്പോഴെല്ലാം വെറുപ്പും വിദ്വേഷവും തോന്നുമായിരുന്നു. തന്റെ സ്നേഹിതനോട് സഹിക്കുവാനുള്ള കഴിവില്ലായ്മ അവന്റെ വ്യക്തിത്വത്തെ ബാധിക്കുവാൻ തുടങ്ങി. അങ്ങനെ അവൻ കൂടുതൽ കോപിഷ്ഠനായി. ആരെല്ലാം അവനോട് അപസ്വരങ്ങൾ സൂചിപ്പിച്ചാൽ പോലും അവന് സഹിക്കാൻ പറ്റാതായി. തുടർന്ന് അവന്റെ ജീവിതം നിരന്തരമായ ഏറ്റുമുട്ടലുകളും വെറുപ്പും ശത്രുതയും നിറഞ്ഞു.

അവൻ ഒരിക്കൽ പാപക്ഷമാപണത്തെക്കുറിച്ച് ഒരു സന്ദേശം കേട്ടു. യേശു പറഞ്ഞു. "..... നിങ്ങൾ മനുഷ്യരുടെ പിഴകളെ അവ

രോട് ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കും...." (മത്തായി 6:14,15). അത് അവന്റെ തന്നെ ചെറുതും വലുതുമായ അപരാധങ്ങളെ മനസിലാക്കുവാൻ ഇടയാക്കി. തന്റെ സ്നേഹിതനായിരുന്ന ഒന്നാം നമ്പറുകാരനോടുള്ള വിദ്വേഷം, കോപം എന്നിവ വെച്ചുകൊണ്ടിരുന്നാൽ ദൈവം അവനോട് ക്ഷമിക്കയില്ല എന്ന് അവൻ തിരിച്ചറിഞ്ഞു.

● ക്ഷമിക്കാത്ത ആളുകൾക്ക് **വൈകാരികമായി** എന്തു സംഭവിക്കുന്നു? അവർ മുൻകോപികളും മറ്റുള്ളവരോട് സൗമ്യമായി ഇടപഴകാൻ ബുദ്ധിമുട്ടുള്ളവരും ആകുന്നു. അവർക്ക് തൽഫലമായി സന്തോഷിക്കാൻ കഴിയാതെയും വരുന്നു. കാരണം അവർക്ക് നിരന്തരമായി ബന്ധപ്പെടുന്ന ആളുകളോട് ഇടപെടുമ്പോൾ നിസാരമായ തെറ്റുകൾ പൊറുക്കാൻ കഴിയുന്നില്ല. പെട്ടെന്നുള്ള നിഷേധമായ ഈ സ്വഭാവം അവർക്ക് ആളുകളെ വെറുപ്പിക്കുകയാണ് ചെയ്യുന്നത്.

● ക്ഷമിക്കാത്ത ആളുകൾക്ക് **ശാരീരികമായി** എന്തു സംഭവിക്കുന്നു? അവർക്ക് ഗൗരവമായ ശാരീരികമായ ആരോഗ്യ പ്രശ്നം നേരിടുന്നു. ഹൈപ്പർടെൻഷൻ, പക്ഷാഘാതം, ഹൃദയസ്തംഭനം, ആർത്രൈറ്റിസ് എന്നിങ്ങനെ ശരീരത്തിലെ പല ഭാഗങ്ങളിലായി ആരോഗം ആ വ്യക്തിയെ തളർത്തിക്കളയുന്നു.

● ക്ഷമിക്കാത്ത ആളുകൾക്ക് **സാമൂഹികമായി** എന്തു സംഭവിക്കുന്നു? യേശു മുന്നറിയിച്ചു, "നിങ്ങൾ മനുഷ്യരുടെ പിഴകളെ അവരോട് ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കയില്ല" (മത്തായി 6:15). ഇതൊന്നും വെറും വാക്കുകളല്ല. നമ്മുടെ കർത്താവായ ക്രിസ്തു ഒരു ദിവസം ന്യായാധിപനാവുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട്, "ഇപ്പോൾ ദൈവം അറിയായ്മയുടെ കാലം കണക്കിലെടുക്കാതെ എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ അവൻ കല്പിക്കുന്നു. കാരണം ലോകത്തെ നീതിയോടെ ന്യായം വിധിക്കുവാൻ അവൻ ഒരുദിവസം നിശ്ചയിച്ചിരിക്കുന്നു. അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിനാൽ ആ ഉറപ്പ് തന്നിരിക്കുന്നു" (പ്രവൃത്തികൾ 17:31). നമ്മെ മുന്നറിയിച്ചിരിക്കുന്നു, "എന്നെ തള്ളിക്കളഞ്ഞ്, എന്റെ വാക്കുകളെ കൈക്കൊ

ള്ളാതിരിക്കുന്നവനെ ഞാൻ വിധിക്കുന്നില്ല - ഇതേ വാക്കുകൾ തന്നെ അന്ത്യനാളിൽ അവനെ ന്യായം വിധിക്കും" (യോഹന്നാൻ 12:48).

സങ്കീർത്തനക്കാരൻ 34:11-18-ൽ പറയുന്നു മക്കളെ, വരുവിൻ എന്നെ കേൾപ്പിൻ നിങ്ങൾക്ക് യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം.

ജീവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതിന് ദീർഘായുസ് ഇച്ഛിക്കയും ചെയ്യുന്നവൻ ആർ? ദോഷം ചെയ്യാതെ നിന്റെ നാവിനേയും വ്യാജം പറയാതെ നിന്റെ ആധരത്തെയും കാത്തുകൊൾക. ദോഷം വിട്ടകന്നു ഗുണം ചെയ്യുക, സമാധാനം അന്വേഷിച്ച് പിന്തുടരുക. യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു. ദുഷ്പ്രവൃത്തിക്കാരുടെ ഓർമ്മ ഭൂമിയിൽ നിന്ന് ഛേദിച്ചു കളയേണ്ടതിന് യഹോവയുടെ മുഖം അവർക്ക് പ്രതികൂലമായിരിക്കുന്നു. നീതിമാന്മാർ നിലവിളിച്ചു, യഹോവ കേട്ടു സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ. മനസ് തകർന്നവരെ അവൻ കടാക്ഷിക്കുന്നു.

കോപവും വെറുപ്പും വെച്ചുകൊണ്ടിരിക്കുന്നവർ അവരുടെ ഹൃദയങ്ങളിൽ സ്നേഹം വളരുവാൻ അവസരം കൊടുക്കുന്നില്ല. 1 കൊരിന്ത്യർ 13-ാം അദ്ധ്യായത്തിൽ സ്നേഹത്തിന്റെ ധാരാളം നിക്ഷേപങ്ങളെ ചുരുങ്ങിയ വാക്കുകളിൽ അറിയിക്കുന്നുണ്ട്. ഈ പ്രസ്താവനകൾ ശ്രദ്ധയോടെ പ്രാർത്ഥനയോടെ സ്വീകരിക്കുക: "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം ചീർക്കുന്നില്ല, അസൂയപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, സ്പർദ്ധിക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുകയും, എല്ലാം ക്ഷമിക്കുകയും, എല്ലാം വിശ്വസിക്കുകയും, എല്ലാം പ്രത്യാശിക്കുകയും, എല്ലാം സഹിക്കുകയും ചെയ്യുന്നു. സ്നേഹം ഒരു നാളും ഉതിർന്നു പോകയില്ല."

✶

# നമ്മുടെ രക്ഷിതാവ് ഉയിർത്തെഴുന്നേറ്റു വാഴുന്ന ക്രിസ്തു

## ജോൺ ജിപ്സൺ

പട്ടണം യെരുശലേം ആയിരുന്നു - പുരുഷാരം അവനെ ക്രൂശിക്ക എന്നു നിലവിളിച്ചു പിലാത്തൊസിനെ ഏല്പിച്ചു - അതേ സ്ഥലത്തു വെച്ച് അധികനാൾ കഴിയുന്നതിനു മുൻപ് പത്രൊസ് ഉയിർത്തെഴുന്നേറ്റു വാഴുന്ന ക്രിസ്തുവിനെ പ്രഖ്യാപിച്ചു (പ്രവൃത്തികൾ 2:29-36).

അന്ന് അവിടെ സന്നിഹിതനായിരുന്നവരെ അത്ഭുതപ്പെടുത്തുന്ന സന്ദേശമായിരുന്നു അത്! താൻ അവകാശപ്പെട്ടതു പോലെ ക്രിസ്തു വാസ്തവമായും അങ്ങനെതന്നെ ആയിരുന്നോ? അവന്റെ അവകാശത്തെ അന്ന് യെഹൂദജനം തള്ളിക്കളഞ്ഞു എന്നു മാത്രമല്ല, അവനെ ദൈവദൂഷണകുറ്റം ചുമത്തുകയും ചെയ്തു. അവൻ ജീവനോടെ ഇരുന്നപ്പോൾ തന്റെ മരണത്തെയും അതിനു ശേഷം ഉള്ള ഉയിർത്തെഴുന്നേല്പിനേയും മുൻകൂട്ടി അറിയിച്ചിരുന്നു. അതുകൊണ്ട് ചേവകർ കല്ലറ ഉറപ്പുവരുത്തിയത് അവന്റെ ശിഷ്യന്മാർ അവന്റെ ശരീരം എടുത്തുകൊണ്ടു പോകാതിരിക്കുവാനായിരുന്നു.

പക്ഷേ അവർ വിചാരിക്കാതിരുന്നത് സംഭവിച്ചു. കല്ലറ ശൂന്യമായി കണ്ടു! അവന്റെ ശരീരം ദ്രവിച്ചില്ല. യേശു മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റു എന്ന സത്യം വിശ്വസിക്കുന്നതിനു പകരം അധികാരികൾ ചെയ്തതെന്താണ്? അവർ പടയാളികൾക്കു കൈക്കൂലി കൊടുത്ത് അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്നു ഞങ്ങൾ ഉറങ്ങുമ്പോൾ ആരും അറിയാതെ എടുത്തുകൊണ്ടു പോയി എന്ന് കള്ളം പ്രചരിപ്പിക്കുവാൻ പറഞ്ഞു. ഇതു നാടുവാഴിയുടെ അടുക്കൽ എത്തിയാൽ ഞങ്ങൾ നോക്കിക്കൊള്ളാം എന്നു പറഞ്ഞു. അങ്ങനെ അവർ ആ പണം വാങ്ങി അവർ പറഞ്ഞതുപോലെ ചെയ്തു. (മത്തായി 28:13-15).

ഏക സത്യം എന്തെന്നാൽ യേശു ഉയിർത്തെഴുന്നേറ്റു എന്ന താണ്. അപ്പൊസ്തലന്മാരും മറ്റു പല സഹോദരന്മാരും അവന്റെ ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിച്ചു; ഒന്നും രണ്ടും ദിവസമ ല്ല, നാല്പതു നാളോളം വിവിധ സ്ഥലങ്ങളിൽ വിവിധ തരത്തിൽ ശിഷ്യന്മാർക്കു അവൻ പ്രത്യക്ഷനായി. പിന്നീട് അപ്പൊസ്തലന്മാർ ഭൂലോകത്തിൽ ഒക്കെയും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാക്ഷികളായി തീർന്നു. അവരുടെ പ്രസംഗസന്ദേശം ഉറപ്പിച്ചത് അത്ഭുതങ്ങളാലും അടയാളങ്ങളാലും ആയിരുന്നു (പ്രവൃത്തി 2:43).

ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണെന്ന് പൗലൊസ് മനസ്സിലാക്കി. ഒരിക്കൽ കർത്താവിന്റെ സഭയെ ഉപദ്രവിച്ചും മുടിച്ചും പോന്നവനായിരുന്നു. എന്നാൽ കർത്താവിന്റെ പ്രത്യക്ഷത അവന്റെ ജീവിതത്തെ മാറ്റിമറി ച്ചു. ആ പൗലൊസ് പിന്നീട് പറഞ്ഞതു "ക്രിസ്തു ഉയിർത്തെഴുന്നേ റ്റിട്ടില്ലാ എങ്കിൽ എന്റെ പ്രസംഗം വ്യർത്ഥം. എന്റെ പ്രസംഗം വ്യർത്ഥം എങ്കിൽ നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരി ന്ത്യർ 15:14). അപ്പൊസ്തലനായിരുന്ന പൊലൊസ് തിമൊ ഥെയൊസിനു അവസാനമായി എഴുതി "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക" (2 തിമൊഥെയൊസ് 2:6).

## ക്രിസ്തുവിന്റെ ദൈവിക സ്വഭാവം

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് പഴയ നിയമം നിറവേ റ്റുന്നതായിരുന്നു. ദൈവത്തിന്റെ ദാസൻ മരിക്കയും അടക്കപ്പെടു കയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നത് യെശയ്യാവ് കണ്ടു (യെശയ്യാവ് 53:8-12). ദാവീദ് ഇതിനെകുറിച്ച് സങ്കീർത്തനങ്ങൾ 16:8-11 -ൽ പറയുന്നു പത്രൊസ് തന്റെ പ്രസംഗത്തിൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് ആ രണ്ടു പ്രവചനങ്ങളും നിറവേറ്റുന്നതായി പത്രൊസ് വെളിപ്പെടുത്തി (പ്രവൃത്തികൾ 2:22-26).

തന്റെ ദൈവികത്വത്തിന്റെ അടയാളമായിട്ടാണ് യേശു അത്ഭു തങ്ങൾ ചെയ്തത്. അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ തന്റെ

ശരീരത്തെ സൂചിപ്പിച്ച് പറഞ്ഞു "ഞാൻ ഇതിനെ ഉയിർപ്പിക്കും" (യോഹന്നാൻ 2:19,21). തന്റെ ഗലീലാ ശുശ്രൂഷയിൽ അടയാളം കാണിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ തന്റെ പുനരുത്ഥാനം തന്നെ കാണിച്ചുകൊടുത്തു (മത്തായി 12:39-40). എല്ലാ സുവിശേഷ വിവരണങ്ങളുടെയും തീർപ്പ് യേശുവിന്റെ അമാനുഷ ജീവിതത്തിലെ സംഭവങ്ങൾ ഉച്ചസ്ഥായിയിൽ എത്തുന്നത് - അവന്റെ സ്വർഗ്ഗാരോഹണത്തോടെയാണ്. ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത് എന്നു അപ്പൊസ്തലൻ പറയുന്നു (റോമർ 1:5,6).

## നമ്മുടെ നീതീകരണം

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചവരിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നെ (റോമർ 4:24,25). നോക്കൂ, നിങ്ങൾക്കു വേണ്ടി മരിച്ചതു, യേശുവാകുന്നു, എന്നാൽ ദൈവം സകല മനുഷ്യരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി (യെശയ്യാവ് 53:6). പഴയ നിയമത്തിലും രക്തം ചിന്താതെ വിമോചനമില്ലായിരുന്നു (എബ്രായർ 9:22). യേശുവിന്റെ മരണത്തോടുകൂടിയുള്ള യാഗം കൂടാതെ പാപങ്ങളിൽ നിന്നു മനുഷ്യർക്കു മോചനമില്ല (1 യോഹന്നാൻ 2:2). വാസ്തവമായും അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം മരിക്കേണ്ടി വന്നു.

യേശു പാപങ്ങൾക്കു വേണ്ടി മരിക്കുക മാത്രമല്ല ആവശ്യമായി വന്നത് നമ്മുടെ രക്ഷക്ക് അവൻ ഉയിർത്തെഴുന്നേല്ക്കയും ചെയ്യണമായിരുന്നു. "നമ്മുടെ നീതീകരണത്തിനായി അവനെ ഉയിർപ്പിച്ചു". ക്രിസ്തു രക്തം ചിന്തിയാൽ മാത്രം യാഗം പൂർണ്ണമാ

കുന്നില്ല. അവൻ ഭൂമിയിലായിരുന്നെങ്കിൽ ഒരിക്കലും പുരോഹിതനാവുകയില്ലായിരുന്നു. കാരണം യേശു വരുന്നതു യെഹൂദാ ഗോത്രത്തിൽ നിന്നാണ്. എന്നാൽ ദൈവം പഴയനിയമത്തിൽ പുരോഹിതന്മാരാകുവാൻ കല്പിച്ചത് ലേവ്യാ ഗോത്രത്തിൽ നിന്നായിരുന്നു. എന്നാൽ പുതിയ നിയമം വന്നതോടെ പഴയ നിയമം നീങ്ങി. അതൊടെ പൗരോഹിത്യത്തിനും നീക്കം വന്നു. അങ്ങനെ മഹാപുരോഹിതനായ യേശു സ്വർഗ്ഗത്തിൽ കയറി ദൈവത്തിനു പുരോഹിതനായി യാഗം അർപ്പിച്ചു (എബ്രായർ 7:14; 8:4).

## വരുവാനുള്ള ന്യായവിധി

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ന്യായവിധി ദൈവം നിശ്ചയിച്ചിരിക്കുന്നതാണ്. അതു സാർവ്വ ലൗകികമാണ്. അതിനു മാറ്റമുണ്ടാകയില്ല. വിധിക്കപ്പെടുന്ന നിലവാരവും വെളിപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. അതു നീതിയോടെ ആയിരിക്കും (പ്രവൃത്തികൾ 17:31). ന്യായാധിപന്റെ പേരും പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 5:22).

വാക്കുകളിലുപരിയാണ് ഭാവി ന്യായവിധി. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് അതിനെ ഉറപ്പിച്ചിരിക്കുന്നു. അഥേനയിലുള്ളവരോട് പൗലൊസ് അതു വ്യക്തമാക്കുന്നുണ്ട്. സകല മനുഷ്യർക്കും ഉറപ്പു നല്കിയിരിക്കയാണ്. അതുകൊണ്ട് കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നതു സത്യമാണെങ്കിൽ അവൻ നീതിയോടെ ന്യായം വിധിക്കും എന്നതും സത്യമാണ്. ഉയിർത്തെഴുന്നേല്പ്, മനുഷ്യർക്കു പുനരുത്ഥാനമുണ്ടെന്നും അതിനുശേഷം ഒരു അന്തിമ വിധി ഉണ്ടെന്നും മുൻകൂട്ടി അറിയിച്ചിരിക്കുന്നത് നാം നമ്മുടെ ജീവിതം മരിക്കുന്നതിനു മുൻപ് ക്രമപ്പെടുത്തേണ്ടതിനാണ്.

## നമുക്കു വരുവാനുള്ള പുനരുത്ഥാനം

ക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റതുകൊണ്ടു നാമും ഉയിർത്തെഴുന്നേല്ക്കും. യേശുവിന്റെ ഉയിർപ്പ് നിഷേധിക്കാൻ കഴിയാതിരുന്ന ചിലർക്കു പൊതുവിലുള്ള ഉയിർത്തെഴുന്നേല്പ് അവിശ്വസനീയമായി തോന്നിയേക്കാം എന്നതുകൊണ്ട് യേശു കല്ലറയിൽ

നിന്നു പുറത്തു വന്നപ്പോൾ അന്ന് ധാരാളം പേർ കല്ലറ വിട്ടുവന്നു. പൊതുവായ പുനരുത്ഥാനം യേശുക്രിസ്തുവന്റെ ഉയിർപ്പിനാൽ സംഭവ്യമാണെന്ന് തെളിയിച്ചു. പൗലൊസ് നിരത്തുന്ന വാദഗതി നോക്കുക. "മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രെ, നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു, ക്രിസ്തുവിൽ നിദ്ര കൊണ്ടവരും നശിച്ചുപോയി" (1 കൊരിന്ത്യർ 15:16-18). മരിച്ച ലാസറെ ഉയിർപ്പിച്ചുകൊണ്ട് താൻ ജീവിച്ചിരുന്നപ്പോൾ തനിക്കതു കഴിയും എന്നു തെളിയിച്ചതാണ്.

പൗലൊസ് വീണ്ടും പറയുന്നു, "എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതു പോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും" (1 കൊരിന്ത്യർ 15:20-22).

## ക്രിസ്തു വാഴുന്നു

ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച് ദാവീദിന്റെ സിംഹാസനത്തിൽ ഇരുത്തി ഇരിക്കുന്ന എന്ന പത്രൊസിന്റെ പ്രഖ്യാപനം തികച്ചും സന്തോഷിപ്പിക്കുന്നതാണ് (പ്രവൃത്തികൾ 2:29-36). സങ്കീർത്തനക്കാരൻ ഇതു മുൻ കണ്ടു ഇപ്രകാരം പറഞ്ഞു: "വാതിലുകളേ, നിങ്ങളുടെ തലകളെ ഉയർത്തുവിൻ, പണ്ടേയുള്ള കതകുകളേ, ഉയർന്നിരിപ്പിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. മഹത്വത്തിന്റെ രാജാവ് ആർ? സൈന്യങ്ങളുടെ യഹോവ തന്നേ; അവനാകുന്നു മഹത്വത്തിന്റെ രാജാവ്" (സങ്കീർത്തനങ്ങൾ 24:7-10). അവൻ സകല ശത്രുക്കളേയും കാൽക്കീഴിൽ ആക്കുവോളം വാഴേണ്ടതാകുന്നു. അവസാനത്തെ ശത്രു മരണമാകുന്നു. തന്റെ വാഴ്ച ഭൗതികമല്ല. അവൻ മനുഷ്യഹൃദയങ്ങളിലാണ് വാഴുവാൻ ആഗ്രഹിക്കുന്നത്. അവൻ ആത്മിയ രാജാവാണ്.

നിങ്ങൾ നിങ്ങളുടെ ഹൃദയം കർത്താവിനു വാഴുവാൻ അവനിൽ വിശ്വസിക്കയും, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, യേശുവനെ കർത്താവ് എന്നു ഏറ്റുപറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കയും ചെയ്താൽ അവൻ നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് അവന്റെ ഉപദേശപ്രകാരം മരണം വരെ വിശ്വസ്തരായി ജീവിച്ചാൽ ജീവകിരീടം അവൻ തരും സംശയിക്കേണ്ട.

✶

# ദൈവം നമ്മെ കരുതുന്നു

## ജോണി രാംസെ

യോസേഫ് ദൈവത്തിന്റെ കരുതലിന് നല്ലൊരു ഉദാഹരണമായിരുന്നു. തന്റെ സ്വന്ത സഹോദരന്മാരാൽ മോശമായി പെരുമാറുകയും തന്റെ അപ്പനെ കാണാതെ വിദേശത്ത് ഏകനായി കഴിയേണ്ടിവരികയും ചെയ്തു എങ്കിൽ യഹോവ അവനെ ഉപേക്ഷിച്ചില്ല. ഈ മനുഷ്യൻ കയ്പിനേയും ദുഃഖത്തേയും വിപത്തിനേയും അതിജീവിച്ച് ദൈവത്താൽ ശക്തമായി നയിക്കപ്പെട്ടു. അവൻ പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക "അതെ, സൃഷ്ടികർത്താവായ ദൈവം നിങ്ങൾക്കു മുൻപായ എന്നെ അയച്ചത് നിങ്ങളെ പരിരക്ഷിക്കുന്നതിനായിരുന്നു" അതെ മറ്റാരും ഇല്ലെന്ന തോന്നൽ വരുമ്പോൾ ദൈവം നമ്മെ കരുതുന്നവനായിട്ടുണ്ട് എന്ന് തെളിയിച്ചു തരും.

ഇയ്യോബ് മനസിലാക്കിയ സത്യം എന്തെന്നാൽ അവന്റെ സ്നേഹിതരും, സ്വന്തം ഭാര്യ പോലും എതിരായി തീർന്നപ്പോൾ, കർത്താവ് അന്തിമമായി അവനെ സമൃദ്ധമായി അനുഗ്രഹിച്ചു.

ഇയ്യോബ് മനസ്സിലാക്കിയ സത്യം എന്തെന്നാൽ അവന്റെ സ്നേഹിതരും, സ്വന്തം ഭാര്യ പോലും എതിരായി തീർന്നപ്പോൾ, കർത്താവ് അന്തിമമായി അവനെ സമൃദ്ധമായി അനുഗ്രഹിച്ചു. തന്റെ കഷ്ടനഷ്ടങ്ങൾക്ക് ശേഷം ദൈവം അവനം ആദ്യത്തേതിനേക്കാൾ ഇരട്ടിയായി അനുഗ്രഹിച്ചു (ഇയ്യോബ് 42:12). മുൻപ് ഈ മനോഹര

പുസ്തകത്തിൽ, ഇയ്യോബ് ഏറ്റുപറഞ്ഞിരിക്കുന്നു: "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടു വന്നു, നഗ്ന നായി തന്നെ മടങ്ങിപ്പോകും. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു പറഞ്ഞു" (ഇ യ്യോബ് 1:21). ദൈവം ഇയ്യോബിനെ തീർച്ചയായും കരുതി.

ദാനിയേൽ ദൈവത്തിന് മഹത്വം കൊടുത്തു എന്ന കുറ്റത്തിന് സിംഹങ്ങളുടെ ഗുഹയിൽ അടെക്കപ്പെട്ടു. ജീവനുള്ള സത്യ ദൈവം അവന് രക്ഷകനായി നിലകൊണ്ടു. അവന്റെ ദൈവത്തിനു വേണ്ടി യുള്ള ധൈര്യവും വിശ്വാസവും ദൈവം മനസിലാക്കി. തൽഫല മായി അവന് ഒരനർത്ഥവും ഭവിച്ചില്ല. മറ്റൊരു പ്രവാചകൻ ദൈവ ത്തിന്റെ കരുതലിനെക്കുറിച്ച് പറയുന്നത്, "ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്ത് ഒളിപ്പാൻ കഴിയുമോ? എന്ന് യഹോവയുടെ അരുളപ്പാട്, ഞാൻ ആകാശവും ഭൂമിയും നിറഞ്ഞരിക്കുന്നവൻ അല്ലയോ?" (യിരെമ്യാവ് 23:24). യഹൂദ്യയുടെ പാപത്തെക്കുറിച്ച് വിലപിക്കുകയും പ്രചാരമില്ലാത്ത സത്യത്തെ തുറന്നുപറഞ്ഞ് സാഹ സികമായി നീങ്ങുകയും ചെയ്ത പ്രവാചകനായിരുന്നു അവൻ. എന്നാൽ സന്തോഷിക്കേണ്ട കാര്യം യഹോവയായ ദൈവം എല്ലാ യ്പ്പോഴും അവനോടു കൂടെ ഉണ്ടായിരുന്നു എന്നതാണ്. അത് അവനെ തുടർച്ചയായി ദൈവസന്ദേശം അറിയിക്കുവാനും ഇടയാക്കി (യിരെമ്യാവ് 36).

കള്ള സഹോദരന്മാർക്കിടയിൽ അപ്പൊസ്തലനായ പൗലൊ സിന് കുഴപ്പം നേരിട്ടിരുന്നു (1 കൊരിന്ത്യർ 11). എന്നാൽ കർത്താവ് അവനോടു കൂടെ ഇരുട്ടിലും ഉപദ്രവങ്ങളിലും ഉണ്ടായിരുന്നു. ഈ വലിയ അപ്പൊസ്തലൻ ദിവസേന മരിച്ചുകൊണ്ടിരിക്കയായിരുന്നു (1 കൊരിന്ത്യർ 15:31). എന്നാൽ അവൻ കർത്താവിനോടു കൂടെ എന്നേക്കും ജീവിക്കയായിരുന്നു. നീറോ അവന്റെ ജീവൻ എടുക്കു ന്നതിനു മുമ്പ് വിശ്വസ്തരായ ആളുകളെ ദൈവം എത്രമാത്രം കരുതും എന്ന് അവൻ തന്റെ എഴുത്തുകളിലൂടെ ബോധ്യപ്പെടുത്തി. നിത്യാശ്വാസം പകരുന്ന ദൈവകൃപയുടെ മർമ്മം തന്റെ ജീവിത സാഹചര്യത്തിൽ അവൻ അനുഭവിച്ചു (2 തിമൊഥെയൊസ് 4:16-18). അവന്റെ അപ്രമേയ ദാനത്തിന് പൗലൊസ് സദാ സ്തോത്രം ചെയ്തിരുന്നു (2 കൊരിന്ത്യർ 9:15).

മിദ്യാന്യരിൽ മോശെ എന്നു പേരുള്ളയാൾക്ക് ദൈവം പ്രത്യക്ഷനായി തന്റെ സഹോദരൻ അവനെ തള്ളിക്കളഞ്ഞെങ്കിലും ദൈവം അവനെ കരുതി. പിന്നീട് അവൻ കർത്താവിന്റെ വയൽപ്രദേശത്ത് ഒരു വലിയ നായകനായി തീർന്നു. ശാന്തവും ദൈവികവുമായ സ്വഭാവം അനിവാര്യമായിരുന്നു. പുറപ്പാട് 40-ാം അദ്ധ്യായത്തിൽ വിസ്മയാവഹമായ ഒരു പ്രസ്താവന നാം കാണുന്നു. അത് "യഹോവ മോശെയോട് അരുളിച്ചെയ്തത് ഒക്കെയും അവൻ അങ്ങനെ തന്നെ ചെയ്തു" അത്തരം സമർപ്പണം ഉള്ളവരെ കർത്താവ് ഉപയോഗിക്കയും അനുഗ്രഹിക്കയും ചെയ്യും.

ഏലിയാ പ്രവാചകന്റെ കാലത്ത് ബാൽ വിഗ്രഹത്തെ നമസ്കരിക്കുന്നത് സാധാരണയായിരുന്നു. എന്നാൽ എലിയാവ് നൂറു കണക്കിന് വിഗ്രഹാരാധികളെ കർമേൽ പർവ്വതത്തിൽ കണ്ടപ്പോൾ അവന്റെ മനസ് ചൂടുപിടിക്കയും അവർക്ക് സത്യദൈവത്തെ കാണിച്ചുകൊടുക്കുവാൻ ധൈര്യപ്പെടുകയും ചെയ്തു. ദൈവം ഏലിയാവിനെ കരുതിയിരുന്നു - അവൻ ഏകനായിരുന്നപ്പോൾ, ഭക്ഷണില്ലാതിരുന്നപ്പോൾ അവൻ ക്ഷീണിച്ച് തളർന്നപ്പോൾ ദൈവം അവന് ആവശ്യമായതെല്ലാം നല്കി (1 രാജാക്കന്മാർ 18:16-39). നീതിക്കുവേണ്ടി നിലകൊള്ളുന്നത് ഏകവ്യക്തിയാണെങ്കിലും മറുഭാഗത്ത് അനീതിക്കുവേണ്ടി നിലകൊള്ളുന്നത് അസംഖ്യം പേരാണെങ്കിലും വിജയം ഏകന്റെ ഭാഗത്തായിരിക്കും. ദൈവം നീതിന്മാരെ കരുതും. നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കേയും നിന്നോടുകൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക, ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോട് കലിപിച്ചുവല്ലോ (യോശുവ 1:9).

യേശുവിന് ദുഷ്ടശക്തികളെ, തിന്മ പ്രവർത്തിക്കുന്ന ഭരണാധികാരികളെ പരാജയപ്പെടുത്തുവാൻ ആയിരക്കണക്കിന് ദൂതന്മാരെ ആവശ്യമില്ലായിരുന്നു. സ്വർഗ്ഗീയ ശക്തിയാൽ അവൻ അവയെ പരാജയപ്പെടുത്തി. അങ്ങനെ സത്യം, നീതി എന്നിവ നിർമ്മല ഹൃദയത്തോടെ ജീവിച്ച് പ്രായോഗിക തലത്തിൽ അവൻ മാതൃകയാക്കി. പത്രൊസ് പറയുന്നു, "അഴിഞ്ഞു പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ

പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷ തയിൽ പുകഴ്ച്ചക്കും തേജസ്സിനും മാനത്തിനുമായി കാണുവാൻ അങ്ങനെ ഇടവരും" (1 പത്രൊസ് 1:7). യഹോവയായ ദൈവം അയച്ച വചനത്തെക്കുറിച്ച് പറയുന്നത്: അത് വെറുതെ നിന്റെ അടുക്കലേക്ക് മടങ്ങിവരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കുകയും ചെയ്യും (യെശയ്യാവ് 55:11).

വിശ്വസ്തരായ ആളുകളോട് കൂടെ ദൈവം എപ്പോഴും ഉണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട് (മർക്കൊസ് 10:30). നമ്മുടെ ജീവിതത്തിലെ പ്രതികൂലമായ സംഭവങ്ങളെ നേരിടുവാൻ ദൈവത്തിന്റെ ആത്മാവിനാൽ അവൻ നമുക്ക് ശക്തി പകരുന്നു. മരണമെന്ന ഗൗരവമായ പ്രശ്നത്തെ ദൈവം കരുതുന്നു എന്ന് മരിച്ച ലാസറെ ഉയിർപ്പിച്ചുകൊണ്ട് കർത്താവ് തെളിയിച്ചു (യോഹന്നാൻ 11:24-26). അങ്ങനെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ ഏതു ശക്തിക്കാണ് കഴിയുക (റോമർ 8:35-39). യൂദാ നമുക്ക് വെല്ലുവിളിയും ആശ്വാസവും തരുന്നു. നാം നിസഹായരായി എന്നു തോന്നുമ്പോൾ ആശ്രയിപ്പാനും പ്രത്യാശിപ്പാനും ശക്തനായ ദൈവം നമുക്കുണ്ട്.

നിത്യജീവനായിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണക്കായി കാത്തിരുന്നുകൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ. സംശയിക്കുന്നവരായ ചിലരോട് കരുണ കാണിപ്പിൻ. ചിലരെ തീയിൽ നിന്ന് വലിച്ചെടുത്ത് രക്ഷിപ്പിൻ, ജഡത്താൽ കറ പിടിച്ച അങ്കി പോലും പകച്ചുകൊണ്ട് ചിലർക്ക് ഭയത്തോടെ കരുണ ചെയ്വിൻ. വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിർത്തുവാൻ ശക്തിയുള്ളവന് നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ദൈവത്തിനു തന്നെ മഹത്വവും തേജസും ബലവും ഉണ്ടാകുമാറാകട്ടെ.

പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തിൽ ആശ്രയിച്ചു ജീവിച്ച ആളുകളെ ദൈവം ഭൗതികമായും ആത്മികമായും കരുതിയിരുന്നു. ദൈവകല്പനകൾ മാനിച്ച് ദൈവത്തിന് പ്രഥ

മസ്ഥാനം കൊടുത്ത് ദൈവത്തിന് പ്രസാദകരമാകുമാറ് ജീവിച്ചാൽ അതിന്റെ ഫലം എന്തെന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ഏറെയുണ്ട് എങ്കിലും അവ ചുരുക്കമായി യിസ്രായേൽ ജനത്തെ ദൈവം മിസ്രയിമിൽ നിന്ന് വിടുവിച്ചു കൊണ്ടുവരുന്നതും പുതിയ നിയമത്തിൽ ക്രിസ്ത്യാനികൾക്ക് നേരിട്ട ഉപദ്രവത്തിൽ നിന്ന് അവരെ ദൈവം വിടുവിച്ചതും ബൈബിളിൽ നിന്ന് വായിച്ച മനസ്സിലാക്കാവുന്നതത്രെ.

✶

# പരിശുദ്ധാത്മാവ് എന്തു ചെയ്യുന്നു?

## വി. ഈ. ഹോവാർഡ്

1 കൊരിന്ത്യർ 12, 13, 14 എന്നീ അദ്ധ്യായങ്ങൾ വായിച്ചാൽ, പുതിയ നിയമസഭ ആരംഭിച്ച് അതിന്റെ ശൈശവ പ്രായത്തിൽ വിവിധങ്ങളായ ആത്മാവിന്റെ വരങ്ങൾ നല്കപ്പെട്ടതായി നമുക്കു കാണാം. ആത്മ വരങ്ങൾ നല്കപ്പെട്ടതിന്റെ ഉദ്ദേശം വ്യക്തമാക്കിയിരുന്നു. ആത്മാവിന്റെ ആത്ഭുത വരങ്ങൾ കൊടുത്തിരുന്നതിനെ ചോദ്യം ചെയ്യപ്പെടാത്ത വിധത്തിൽ ദൈവശ്വാസിയ വ്യക്തികൾ വെളിപ്പെടുത്തിയിട്ടുണ്ട്.

പരിശുദ്ധാത്മാവിനാൽ നല്കപ്പെട്ട വരങ്ങളിൽ, രോഗശാന്തി വരം, അത്ഭുതങ്ങൾ ചെയ്യുവാനുള്ള വരം, അന്യഭാഷാവരം, ജ്ഞാന വരം എന്നിവയെല്ലാം ഉൾപ്പെട്ടിരുന്നു. അവയേക്കാളെല്ലാം ശ്രേഷ്ഠമായതുണ്ടെന്നു അപ്പൊസ്തലൻ അവസാനം പറഞ്ഞിരിക്കുന്നു. പൂർണ്ണമായതു വരുമ്പോൾ അംശമായ വരങ്ങൾ എല്ലാം നിന്നു പോകും (1 കൊരിന്ത്യർ 13:8).

പരിശുദ്ധാത്മാവിന്റെ ഈ അത്ഭുത പ്രവൃത്തികൾ സഭയിൽ ഒരിക്കലും സ്ഥിരമായി ചെയ്യുവാനായിരുന്നില്ല ദൈവം ഉദ്ദേശിച്ചത്. പൂർണ്ണമായതു വരുന്നതുവരെ സഭയുടെ ശൈശവ പ്രായത്തിൽ അവ ആവശ്യമായിരുന്നു. ഇനി അതി ശ്രേഷ്ഠമായോരു മാർഗ്ഗം ഞാൻ നിങ്ങൾക്കു കാണിച്ചുതരാം (1 കൊരിന്ത്യർ 12:31) എന്നു

അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു. വരങ്ങളിൽ ചിലതു നിന്നുപോകയും മറ്റുചിലതു തുടരുകയും ചെയ്യുന്നു എന്നു അപ്പൊസ്തലൻ വ്യക്തമാക്കി. "ഞാൻ അന്യഭാഷയിൽ സംസാരിച്ചാലും സ്നേഹം ഇല്ലെങ്കിൽ അതൊന്നുമല്ല. ദൂതന്മാരുടെ ഭാഷയിൽ സംസാരിച്ചാലും ഫലമില്ല. സകല മർമ്മങ്ങളും ഗ്രഹിക്കത്തക്ക ജ്ഞാനം ഉണ്ടെങ്കിലും സ്നേഹം ഇല്ലെങ്കിൽ അതൊന്നുമല്ല. പ്രവചിക്കാനുള്ള വരം ഉണ്ടെങ്കിലും സ്നേഹമില്ല എങ്കിൽ അതൊന്നുമല്ല. മലകളെ നീക്കുവാനുള്ള വിശ്വാസം ഉണ്ടെങ്കിലും സ്നേഹം ഇല്ലെങ്കിൽ അതൊന്നുമല്ല (1 കൊരിന്ത്യർ 13:1–4). അതുകൊണ്ട് ആത്മിയ വരങ്ങളേക്കാൾ ശ്രേഷ്ഠം സ്നേഹമാണ്. സ്നേഹം എന്നേക്കും നിലനില്ക്കുന്നതുമാണ് (1 കൊരിന്ത്യർ 13:13). അത്ഭുതവരങ്ങൾ നിന്നുപോകും എന്നു അപ്പൊസ്തലൻ ദൈവശ്വാസിയമായി വ്യക്തമാക്കി (ഗലാത്യർ 1:11,12).

പരിശുദ്ധാത്മാവു ഇന്നു ആരിലും അത്ഭുതം പ്രവർത്തിക്കുന്നില്ല. അത്ഭുതകരമായി പരിശുദ്ധാത്മാവു ആരിലും ഇന്നു വസിക്കയുമില്ല. അന്നു അത്ഭുത വരങ്ങൾ ഉണ്ടായിരുന്നവർ ചെയ്തതായ രീതിയിൽ രോഗശാന്തിയോ, കുഷ്ഠരോഗികളെ സൗഖ്യമാക്കുവാനോ, മരിച്ചവരെ ഉയിർപ്പിക്കുവാനോ ഇന്ന് ആർക്കും കഴിയുകയില്ല (മത്തായി 10:8). മരണകരമായ യാതൊന്നു കുടിച്ചാലും അന്ന് അവർക്ക് ഹാനികരമാവുകയില്ലായിരുന്നു. എന്നാൽ ഇന്ന് അങ്ങനെ ആരെങ്കിലും കുടിച്ചാൽ മരണമായിരിക്കും ഫലം. സംസാരിക്കുന്നവർ പഠിച്ചിട്ടില്ലാത്തതും കേൾവിക്കാർക്കു മനസ്സിലാകുന്നതുമായ ഭാഷയിലായിരുന്നു അന്നു അന്യഭാഷാ സംസാരം നടത്തിയത് (പ്രവൃത്തികൾ 2:5–8).

## പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള ശക്തിയില്ല

അത്ഭുതവരങ്ങളും ശക്തിയും ഇല്ലാതാവാൻ കാരണം അതിന്റെ ഉദ്ദേശം നിറവേറ്റിക്കഴിഞ്ഞു എന്നതാണ്. ഉദ്ദേശമില്ലാതെ ദൈവം ഒന്നും പ്രവർത്തിക്കയില്ല. പരിശുദ്ധാത്മ സ്നാനം ലഭിച്ച അപ്പൊസ്തലന്മാർ അത്ഭുതം ചെയ്തതും അവരുടെ കൈവെപ്പ് ലഭിച്ചവർ അത്ഭുതം ചെയ്തതും വചനം ഉറപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. അന്ന് വചനം പൂർണ്ണമായി എഴുതിത്തീർന്നിട്ടില്ലായി

രുന്നു. അതുകൊണ്ട് പരിശുദ്ധാത്മാവു നേരിട്ടു ശക്തിയോട പ്രവർത്തിച്ചു. തിരുവെഴുത്തുകൾ പൂർണ്ണമായി എഴുതിത്തീർത്തപ്പോൾ വീണ്ടും അത് ഉറപ്പിക്കേണ്ട ആവശ്യമില്ല. പരിശുദ്ധാത്മാവിന് ഇന്ന് ശക്തിയില്ലാത്തതുകൊണ്ടോ ദൈവത്തിനു ശക്തിയില്ലാത്തതുകൊണ്ടോ അല്ല.

അപ്പൊസ്തലനമാർ പരിശുദ്ധാത്മാവു കൊണ്ട് ലഭിച്ച സ്നാനത്താൽ പ്രത്യേക അത്ഭുത വരങ്ങൾ ലഭിച്ചവരായി തീർന്നു (പ്രവൃത്തികൾ 1:2, 2:6, 2:4, 14, 43). കോർന്നെല്യോസിനും അവന്റെ ഭവനത്തിലുണ്ടായിരുന്നവർക്കും പ്രത്യേക വരം അത്ഭുതകരമായി നല്കി (പ്രവൃത്തികൾ 10:44, 45) അപ്പൊസ്തലനായിത്തീർന്ന പൗലൊസിനും പരിശുദ്ധാത്മ ശക്തിയാൽ ദൈവശ്വാസിയമായി സംസാരിപ്പാനും എഴുതുവാനും സാധിച്ചു (ഗലാത്യർ 1:11, 12). ഇതെല്ലാം സംഭവിച്ചത് ഏതാണ്ട് ഏ.ഡി. 33-ലാണ്. ഇരുപത്തി മൂന്നു വർഷങ്ങൾക്കു ശേഷം പത്രൊസ് തീർച്ചയായും അതു ജലസ്നാനമത്രേ! അതുകൊണ്ട് വചനത്തിൽ നിന്നു നമുക്കു മനസ്സിലാകുന്നത് പരിശുദ്ധാത്മാവ് അത്ഭുതകരമായി ആരിലും ഇന്നു പ്രവർത്തിക്കുന്നില്ല. വചനം മുഖാന്തരമത്രേ പ്രവർത്തിക്കുന്നത്.

യെരുശലേം സഭയിൽ പരിശുദ്ധാത്മാവു ലഭിച്ച അപ്പൊസ്തലന്മാർക്കു മാത്രമേ അവർ കൈ വെക്കുന്നതു വരെ അത്ഭുതം ചെയ്യുവാൻ കഴിഞ്ഞിരുന്നുള്ളു. (പ്രവൃത്തികൾ 2:43, 5:12). തിരഞ്ഞെടുക്കപ്പെട്ട ഏഴു ശുശ്രൂഷകന്മാർക്കു അപ്പൊസ്തലന്മാർ കൈവെച്ച ശേഷമേ അത്ഭുതം ചെയ്യുവാൻ കഴിഞ്ഞിരുന്നുള്ളു (പ്രവൃത്തികൾ 6:6). സ്തെഫാനൊസിനു അത്ഭുതം ചെയ്യുവാൻ കഴിഞ്ഞു (പ്രവൃത്തികൾ 6:8). ഫിലിപ്പൊസിനു അത്ഭുതം ചെയ്യുവാൻ കഴിഞ്ഞു (പ്രവൃത്തികൾ 6:8). പക്ഷേ അതു അപ്പൊസ്തലന്മാരുടെ കൈവെപ്പ് ലഭിച്ചശേഷമാണ്. ഫിലിപ്പൊസിനു ലഭിച്ച അത്ഭുത ശക്തി മറ്റാർക്കും പകർന്നു കൊടുപ്പാൻ കഴിഞ്ഞിരുന്നില്ല. അവൻ പ്രസംഗിച്ച വചനം ദൈവത്തിന്റേതാണെന്നു ഉറപ്പിക്കുന്നതിനു വേണ്ടി അത്ഭുതങ്ങൾ ചെയ്തു (പ്രവൃത്തികൾ 8:12). പക്ഷേ പത്രൊസും യോഹന്നാനും ചെന്ന് ശമര്യരിൽ കൈവെച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വചനത്തെ ഉറപ്പിച്ചു (പ്രവൃത്തികൾ 8:12-21).

അപ്പൊസ്തലന്മാർ കൈവെച്ച് അത്ഭുതവരങ്ങൾ ലഭിക്കുന്നതു ശിമോൻ കണ്ടിട്ട് അവൻ ദ്രവ്യം കൊണ്ടു വന്നു അപ്പൊസ്തലന്മാർക്കു കൊടുത്തുകൊണ്ട് ഈ അത്ഭുതശക്തി അവനു പകർന്നു കൊടുക്കേണം എന്ന് ആവശ്യപ്പെട്ടു. അതായത് അവൻ ആരുടേയെങ്കിലും മേൽ കൈവെച്ചാൽ അവർക്കു പരിശുദ്ധാത്മാവ് ലഭിക്കുവാനുള്ള വരം. അതിനു പത്രൊസ് ദൈവത്തിന്റെ ദാനം പണത്തിനു വാങ്ങിക്കൊള്ളാമെന്ന് വിചാരിക്കരുത് എന്ന് പറഞ്ഞു "നിനക്കു ഈ കാര്യത്തിൽ പങ്കും ഓഹരിയും ഇല്ല" എന്നു പറഞ്ഞു (പ്രവൃത്തി 8:20,21). പരിശുദ്ധാത്മാവിന്റെ അത്ഭുതവരങ്ങൾ പ്രാരംഭ ക്രിസ്ത്യാനികളിൽ മാത്രമാണ് ലഭിച്ചിരുന്നത്.

## പരിശുദ്ധാത്മാവ്, ഒരു ദാനം

പരിശുദ്ധാത്മാവന്റെ അത്ഭുത വരങ്ങളും പരിശുദ്ധാത്മാവിന്റെ ദാനവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. സുവിശേഷം അനുസരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവ് ലഭിക്കുന്നത്. "ഈ കാര്യങ്ങൾക്കു ഞങ്ങളും തന്നെ അനുസരിക്കുന്നവർക്കു നൽകിയ പരിശുദ്ധാത്മാവു സാക്ഷികൾ ആകുന്നു" (പ്രവൃത്തികൾ 5:32). അപ്പൊസ്തലനായിരുന്ന യോഹന്നാൻ എഴുതി, "അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നു അവൻ നമുക്കു തന്നെ ആത്മാവിനാൽ നാം അറിയുന്നു" (1 യോഹന്നാൻ 3:24). ക്രിസ്ത്യാനികൾ ക്രിസ്തുവിൽ വസിക്കുന്നതു അവന്റെ വചനങ്ങളെ പ്രമാണിക്കുന്നതു കൊണ്ടാണ്. കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്ന ക്രിസ്ത്യാനികളിൽ ക്രിസ്തുവും അവന്റെ ആത്മാവും വസിക്കുന്നു.

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

പരിശുദ്ധാത്മാവിനെ കാണാൻ സാദ്ധ്യമല്ലെങ്കിലും പരിശുദ്ധാത്മാവ് ക്രസ്ത്യാനികളിൽ വസിക്കുന്നു. പരിശുദ്ധാത്മാവിനെ നിഷേധിക്കുന്നതു ദൈവത്തെ നിഷേധിക്കുന്നതിനു തുല്യമാണ്. ആരും ദൈവത്തെ ഒരുനാളും കണ്ടിട്ടില്ല. എങ്കിലും അവൻ നമ്മിൽ തന്ന പരിശുദ്ധാത്മാവ് പുറപ്പെടുവിക്കുന്ന ഫലങ്ങളാൽ നമുക്ക് അതു തിരിച്ചറിയാം. ദൈവാത്മാവു വസിക്കുന്ന ദൈവമക്കളിൽ ആത്മാവിന്റെ

ഫലങ്ങൾ കാണാൻ കഴിയും. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, സൗമ്യ ത, ഇന്ദ്രിയ ജയം, വിശ്വാസം എന്നിവയാണ്. ഈ വകക്കു വിരോധ മായി ഒരു ന്യായപ്രമാണവുമില്ല (ഗലാത്യർ 5:22, 23). അന്യോന്യം പകയും വിദ്വേഷവും തുടങ്ങിയ ആത്മാവിന്റേതല്ലാത്തതു ദൈവ ത്തിന്റേതല്ല. നിങ്ങളോ ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസി ക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല (റോമർ 8:9). ക്രിസ്തു നിങ്ങ ളിൽ ഉണ്ടെങ്കിലോ ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവു നീതി നിമിത്തം ജീവിക്കേണ്ടതാകുന്നു. ക്രിസ്തുവും ക്രിസ്തുവിന്റെ ആത്മാവും വസിക്കുന്ന ക്രിസ്ത്യാനിയിൽ ജഡ ത്തിന്റെ ഇച്ഛ നീക്കിക്കളഞ്ഞ് ആത്മാവിന്റെ ഇച്ഛ നിറവേറ്റും. ആക യാൽ സഹോദരന്മാരേ, നാം ജഡത്തെ അനുസരിച്ചു ജീവിക്കേണ്ട തിനു ജഡത്തിനല്ലാ കടക്കാരാകുന്നത്. നിങ്ങൾ ജഡത്തെ അനുസ രിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം. ആത്മാവിനാൽ ജഡ ത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നുവെങ്കിൽ ജീവിക്കും.

✶

## അവനെ ഇപ്പോൾ തടുക്കാൻ സാദ്ധ്യമല്ല

### ഡേവിഡ് തർമാൻ

മരണത്തെ സംബന്ധിച്ചും മരണവുമായി മല്ലിടുന്നതിനെ സംബന്ധിച്ചും ലോകത്തിന്റെ കാഴ്ചപ്പാട് വ്യത്യസ്തമാണ്. പല തത്വ സംഹിതകളും സിദ്ധാന്തങ്ങളും മരണവുമായി ബന്ധപ്പെട്ട് പ്രചരി പ്പിച്ചിട്ടുണ്ട്. പുനരവതാരത്തിന്റെ വക്കിലാണ് മരണമെന്ന് ചിലർ ധരി ച്ചുവെച്ചിരിക്കുന്നു. ജീവിതത്തിലെ കഷ്ടതകളിൽ നിന്നുള്ള മോച നമാണ് മരണമെന്ന് വേറെ ചിലർ. മറ്റു ചിലർ വിശ്വസിച്ചിരിക്കുന്നതു മരണം സകലത്തിന്റേയും അന്ത്യമാണെന്നാണ്. മനുഷ്യർ എന്തെല്ലാം വിചാരിച്ചാലും മരണം എന്നതു വാസ്തവമാണ്. ഒരു ദിവസം അതു

സംഭവിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതിനെ തടയുവാൻ വൈദ്യശാസ്ത്രത്തിനും ഒരു മനുഷ്യനും സാദ്ധ്യമല്ല.

യേശുവിന്റെ മരണവും അതു കണ്ടു നിന്ന ആളുകളുടെ പ്രതി കരണവും നാം തിരിച്ചറിഞ്ഞു. ക്രൂശിന്റെ കാഴ്ച ഭയാനകമായിരുന്നു. എങ്കിലും അവൻ മരണം ആസ്വദിച്ചു. അവനു ചുറ്റും നിന്ന പട യാളികളെ അതിശയിപ്പിക്കുമാറ് പെട്ടെന്ന് അവൻ മരിച്ചു. ആത്മാവിനെ തൃക്കരങ്ങളിൽ ഭരമേല്പിച്ചു എന്നാണ് നാം വായിക്കുന്നത്. യേശു തന്റെ ക്രൂശിലേക്കുള്ള യാത്ര പൂർത്തിയാക്കി. പക്ഷേ അവന്റെ മരണം അവസാനമായിരുന്നില്ല. മരണം അവനെ പിടിച്ചു വെക്കുന്നത് അസാദ്ധ്യമായിരുന്നു. അവനെ മരണത്തിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുന്നത് തടയാൻ ആർക്കും കഴിഞ്ഞില്ല.

“സന്ധ്യയായപ്പോൾ അരിമഥ്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ ന്നു, പിലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു. പിലാത്തൊസ് അതു ഏല്പിച്ചു കൊടുപ്പാൻ കല്പിച്ചു. യോസേഫ് ശരീരം എടുത്തു നിർമ്മല ശീലയിൽ പൊതുഞ്ഞു താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു കല്ലറക്കു എതിരെ മഗ്ദലക്കാരി മറിയയും മറ്റെ മറിയയും ഇരുന്നിരുന്നു” (മത്തായി 27:57–61).

“ഒരുക്ക നാളിന്റെ പിറ്റെദിവസം മഹാപുരോഹിതന്മാരും പരി ശന്മാരും പിലാത്തൊസിന്റെ അടുക്കൽ ചെന്നുകൂടി, യജമാനനേ, ആ ചതിയൻ ജീവനോടിരിക്കുമ്പോൾ മൂന്നുനാൾ കഴിഞ്ഞിട്ടു ഞാൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞ പ്രകാരം ഞങ്ങൾക്കു ഓർമ്മ വന്നു. അതുകൊണ്ട് അവന്റെ ശിഷ്യന്മാർ ചെന്നു അവനെ മോഷ്ടിച്ചു. അവൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു ജന ത്തോടു പറയുകയും ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും വിഷമമായി തീരുകയും ചെയ്യാതിരിക്കേണ്ടതിനു മൂന്നാം നാൾ വരെ കല്ലറ ഉറപ്പാക്കുവാൻ കല്പിക്ക എന്നു പറഞ്ഞു. പിലാത്തൊസ് അവരോട് കാവൽക്കൂട്ടത്തെ തരാം. പോയി നിങ്ങളാൽ ആകുന്നേടത്തോളം

ഉറപ്പു വരുത്തുവിൻ എന്നു പറഞ്ഞു. അവർ ചെന്നു കല്ലിനു മുദ്ര വെച്ചു കാവൽക്കൂട്ടത്തെ നിറുത്തി എല്ലാം ഉറപ്പാക്കി" (മത്തായി 27;62-66). അവന്റെ മരണശേഷം ഇരുണ്ട രാത്രിയിൽ പലതും സംഭവിക്കുന്നുണ്ട്.

## ധൈര്യശാലികൾ അപ്പോഴും സാഹസത്തിൽ തന്നെ

യോസേഫ് തനിക്കു യേശുവിനോടുള്ള ബന്ധം ധൈര്യസമേതം തുറന്നു കാണിച്ചു. അവൻ പിലാത്തൊസിന്റെ അടുക്കൽ പോയി യേശുവിന്റെ ശരീരം ചോദിച്ചു. യോസേഫ് അതു ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. അതു ചെയ്തതിന്റെ കാരണം യേശുവിലുള്ള അവന്റെ ആശ്രയവും അവനോടുള്ള ബഹുമാനവും ആണ്. എങ്ങനെയായാലും അവൻ ചെയ്തതു വലിയ സാഹസം തന്നെയായിരുന്നു. യേശുവന്റെ ശത്രുക്കൾ യോസേഫിനെപ്പോലെയുള്ളവരെ നോക്കിയിരിക്കയാവും അവരെ പിടിച്ചു തടവിലാക്കുവാൻ. പിലാത്തൊസോ യെഹൂദന്മാരോ എന്തു ചെയ്യുമെന്ന് യോസേഫ് ചിന്തിച്ചില്ല. ശരിയായ കാര്യം ചെയ്യുന്നതിന് യോസേഫ് മറ്റൊന്നും തടസമായിരുന്നില്ല.

ആ ഇരുണ്ട രാത്രിയിൽ യോസേഫിനെ പോലെയുള്ളവർ ചുറ്റും നിന്നു കാണും. പക്ഷേ ഒരാൾ മാത്രം ശരിയായ പ്രവൃത്തി ചെയ്യാൻ ധൈര്യപ്പെട്ടു. ദുഷ്ട മനുഷ്യർ മറ്റു ദുഷ്ടമനുഷ്യരുടെ മേൽ ആക്രമണം  അഴിച്ചുവിടുമ്പോൾ പോലും ആരെങ്കിലും അവർക്കിടയിൽ നീതി പ്രവർത്തിക്കാനായി കാണും. രണ്ടാം ലോകമഹായുദ്ധകാലത്ത് യഹൂദന്മാരെ യൂറോപ്പിൽ ഒളിവിൽ താമസിപ്പിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ സുവിശേഷം പങ്കിട്ടു, അതും ഭീഷണിയുടേയും, തടവിന്റേയും മരണത്തിന്റേയും മദ്ധ്യേ. ഇരുട്ടിന്റെ പ്രവൃത്തി എത്ര ഭയാനകമായാലും അവിടെയും വ്യക്തിപരമായ സാഹസം കണക്കിലെടുക്കാതെ നന്മ ചെയ്യുവാൻ മുന്നോട്ടു വരുന്നവർ കാണും.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

## Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!